ഉത്തരം

(എ) എൻ.എച്ച്. ഒറിജിനൽ വർക്സും പി.ബി.എഫ്.എഫ്-ലുമായി 73.02 കോടിയും എം&ആർ-ൽ ഉൾപ്പെടുത്തി 62.4 കോടിയുമാണ് ഈ വർഷത്തെ ഇതുവരെയുള്ള അലോട്ട്മെന്റ്.

(ബി) കേരളത്തിലെ 8 ദേശീയപാതകൾക്കാണ് ഇവ ഉപയോഗിക്കുന്നത്.

(സി&ഡി) പൂർണ്ണമായും ഏറ്റെടുത്തുകൊടുക്കുവാൻ സാധിച്ചിട്ടില്ല. ദേശീയപാതയുടെ വികസനത്തിന് സ്ഥലമേറ്റെടുക്കുന്ന് കാരണം ഭൂമിയും കെട്ടിടവും തൊഴിലും ഉപജീവനവും നഷ്ടപ്പെടുന്നവർക്കുവേണ്ടിയുള്ള പുനരധിവാസ പാക്കേജിന്റെ കാര്യത്തിൽ നിലനിൽക്കുന്ന അനിശ്ചിതത്വമാണ് ഭൂമി ഏറ്റെടുത്ത് കൊടുക്കുന്നതിനുള്ള തടസ്സം. ദേശീയപാത നിയമത്തിന്റെ പരിധിയിൽവരുന്ന വിഭാഗങ്ങൾക്കുള്ള നഷ്ടപരിഹാരം മാത്രമേ കേന്ദ്ര സർക്കാർ അനുവദിക്കുകയുള്ളു. പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തിയിരുന്ന മറ്റ് വിഭാഗങ്ങൾക്കുകൂടി നഷ്ടപരിഹാരം നല്കുന്നതിനുള്ള സാധ്യതകൾ മന്ത്രിസഭാ യോഗത്തിൽ ചർച്ച ചെയ്യാനും ആയതിന് കേന്ദ്രസഹായം അഭ്യർത്ഥിക്കുവാനും തീരുമാനിച്ചിരിക്കുകയാണ്.

പൊതുമരാമത്ത് വകുപ്പിൽ നടന്നുവരുന്ന അഴിമതി

190 (640) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിൽ നടന്നുവരുന്നതായി ദൃശ്യവാർത്താ മാധ്യമങ്ങളിൽക്കൂടി പുറത്തുവന്നുകൊണ്ടിരിക്കുന്ന ഗുരുതരമായ അഴിമതിയുമായി ബന്ധപ്പെട്ട വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ വാർത്തയുടെ നിജസ്ഥിതിയെക്കുറിച്ച് അന്വേഷിക്കുകയുണ്ടായോ ; ആരുടെയെങ്കിലും പേരിൽ ഇതിനകം നടപടി സ്വീകരിക്കുകയുണ്ടായോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) വകുപ്പിലെ അഴിമതി തടയുന്നതിനായി നിലവിൽ എന്തൊക്കെ സംവിധാനങ്ങളാണുള്ളത് ; ഭാവിയിൽ എന്തൊക്കെ നടപടികൾ കൈക്കൊള്ളും ;

(ഡി) പി.ഡബ്ലിയു.ഡി. വിജിലൻസ് സംവിധാനം ശക്തമാക്കുമോ ; എങ്കിൽ അതിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ഈ വിഷയം സംബന്ധിച്ച് പത്രമാധ്യമങ്ങളിൽക്കൂടിവന്ന ചില പരാതികൾ പൊതുമരാമത്തുവകുപ്പ് വിജിലൻസ് വിഭാഗം ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ അന്വേഷണം നടത്തി സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് സർക്കാർ പിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) പൊതുമരാമത്തുവകുപ്പ് ഏറ്റെടുത്തുനടത്തുന്ന പ്രവൃത്തികളുടെ ടെണ്ടർ പത്രമാധ്യമങ്ങളിലൂടെയും വെബ്സൈറ്റിലൂടെയും പ്രസിദ്ധപ്പെടുത്തുകയും ടെണ്ടർ ഷെഡ്യൂൾ വെബ്സൈറ്റിൽനിന്ന് ഡൗൺ ലോഡ് ചെയ്യുവാൻ അവസരം നൽകുകയും ചെയ്തതുമൂലം ഈ മേഖലയിൽ സുതാര്യത ഉറപ്പുവരുത്തുവാനും കൂടാതെ നടപടികൾ കൂടുതൽ കാര്യക്ഷമമാക്കുവാനും സാധിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർണ്ണമായും സുതാര്യമാക്കുന്നതിലേക്കായി ഇ-ടെണ്ടർ സംവിധാനം പൂർണ്ണമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ടോൾഫ്രീ ഫോൺ സംവിധാനം നടപ്പിലാക്കുകവഴിയും, വിവരാവകാശ നിയമത്തിന്റെ ശരിയായ നടത്തിപ്പിലൂടെയും വകുപ്പ് വെബ്സൈറ്റിന്റെ സഹായത്തിലൂടെയും പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ കൂടുതൽ സുതാര്യമാക്കുന്നതിനുള്ള നടപടികളെടുത്തിട്ടുണ്ട്. കൂടാതെ വകുപ്പിലെ എല്ലാതലത്തിലേയും ഉദ്യോഗസ്ഥരുടെ സൂക്ഷ്മമായ പരിശോധനയിലൂടെയും വിജിലൻസ് വിഭാഗത്തിന്റെ പരിശോധനയിലൂടെയും പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികൾ അഴിമതിരഹിതമായി നടത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പരിഗണനയിലാണ്.

പൊതുമരാമത്ത് വകുപ്പിൽ സോഷ്യൽ ഓഡിറ്റ്

191 (641) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിലെ പണികളിൽ ഉദ്യോഗസ്ഥരും കരാറുകാരും അഴിമതി നടത്തുന്നു എന്ന് വ്യാപകമായ പരാതി ഉയർന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ അഴിമതി അവസാനിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പൊതുമരാമത്ത് പണികൾ സുതാര്യമായും അഴിമതിരഹിതമായും നടത്തുന്നതിന് സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള തീരുമാനം കൈക്കൊള്ളുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടെണ്ടർ നടപടികൾ സുതാര്യമാക്കിയും വിവരാവകാശ നിയമത്തിന്റെ ശരിയായ നടത്തിപ്പിലൂടെയും പ്രവൃത്തികൾ അഴിമതിരഹിതമായി നടത്താനുള്ള നടപടിയെടുത്തിട്ടുണ്ട്. വകുപ്പിലെ വിജിലൻസ് വിഭാഗവും ധനകാര്യവകുപ്പിന്റെ കീഴിലുള്ള ഫിനാൻസ് ഇൻസ്പെക്ഷൻ വിഭാഗവും ആഭ്യന്തരവകുപ്പിന് കീഴിലെ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ വിഭാഗവും കർശനമായ പരിശോധനകളും റെയ്ഡുകളും മറ്റുംനടത്തി കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിക്കുന്നുണ്ട്. ടെണ്ടർ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചു. കൂടാതെ ടെണ്ടർ ഫോറങ്ങൾ നെറ്റിൽനിന്നും ഡൗൺലോഡ് ചെയ്യുന്നതിനും പോസ്റ്റുവഴി സ്വീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly